**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ 54**

**01.12.2015-ൽ**
**മറുപടിയ്ക്ക്**

# ഇ-പ്രൊക്യൂർമെന്റ് സംവിധാനം

ചോദ്യം

**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. മുരളീധരൻ**
**ശ്രീ. കെ. ശിവദാസൻ നായർ**
**ശ്രീ. ലൂഡി ലൂയിസ്**

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) | വിവിധ സർക്കാർ വകുപ്പുകളുടെയും പൊതു മേഖല സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടുവരുക, കരാർ/ ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യൂർമെന്റ് എന്ന കടലാസുരഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരതദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം, ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ തുറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിന്റെ മേന്മയാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 12/5/2015-ലെ സ.ഉ.(കൈ) നമ്പർ 13/2015/വി.സ.വ സർക്കാർ ഉത്തരവു പ്രകാരം 5 ലക്ഷത്തിനു മുകളിൽ മൂല്യം വരുന്ന എല്ലാ ടെൻഡറുകളും നിർബന്ധമായി ഇ-സംഭരണം വഴി നടപ്പിലാക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഏകോപനത്തിനും നടത്തിപ്പിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു നേതൃത്വ സമിതിയും, ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റും നിലവിലുണ്ട്. കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സഹായക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ